# ചെങ്ങന്നൂർ നഗരസഭ

നമ്പർ: ആർ1–3486/2011 തീയതി: 07/12/2011.

## വിജ്ഞാപനം

ബഹു. കേരള സർക്കാരിന്റെ 2011 ജനുവരി 14–ാം തീയതിയിലെ സ.ഉ.(അ)നമ്പർ 17/2011 ത.സ്വ.ഭ.വ ഉത്തരവനുസരിച്ച് മുനിസിപ്പൽ കൗൺസിലുകളിലും, മുനിസിപ്പൽ കോർപറേഷനുകളിലും ഓരോയിനം കെട്ടിടത്തിനും അതിന്റെ ഉപയോഗമനുസരിച്ച് ഒരു ച.മീറ്റർ തറ വിസ്തീർണ്ണത്തിന് ബാധകമായ അടിസ്ഥാന വസ്തു നികുതി നിരക്കുകൾ 2011 ഏപ്രിൽ 1 മുതൽ പ്രാബല്യത്തിൽ വരുത്തിയും, ബഹു. കേരള സർക്കാരിന്റെ 14/01/2011 –ലെ സ.ഉ. (അ)നമ്പർ 18/2011/ത.സ്വ.ഭ.വ ഉത്തരവ് പ്രകാരം വസ്തു നികുതിയിൻമേൽ കൗൺസിൽ നിശ്ചയിക്കുന്ന നിരക്കിൽ സേവന ഉപനികുതിയും ഈടാക്കുന്നതിന് വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ ചെങ്ങന്നൂർ നഗരസഭാ കൗൺസിൽ താഴെപ്പറയുന്ന വിവിധയിനം കെട്ടിടങ്ങൾക്ക് അടിസ്ഥന വസ്തു നികുതി നിരക്ക് 2011 ഏപ്രിൽ 1 മുതൽ 5 വർഷത്തേയ്ക്ക് പ്രാബല്യത്തിൽ വരത്തക്കവണ്ണം നിശ്ചയിച്ചും, പ്രസ്തുത നികുതിയുടെ 10% സേവന ഉപനികുതിയായി നിശ്ചയിച്ചും വിജ്ഞാപനം പുറപ്പെടുവിയ്ക്കുന്നു. 16/08/2011 –ൽ കൂടിയ ചെങ്ങന്നൂർ മുനിസിപ്പൽ കൗൺസിലിന്റെ 1–ാം നമ്പർ തീരുമാനപ്രകാരം ചെങ്ങന്നൂർ നഗരസഭയിലെ (1) പാണ്ഡവൻപാറ ഭാഗം, (2) പുലിക്കുന്ന് ഭാഗം, (3) തോണിപ്പാറ ഭാഗം, (4) വേലൻമാർ കോളനിഭാഗം, (5) മൈലാറ്റുംതറ കോളനി ഭാഗം, (6) അമരിഴത്തിൽഭാഗം, (7) വെട്ടുകാട്ടിൽ ഭാഗം, (8) അങ്ങാടിയ്ക്കൽ തെക്ക് ലക്ഷം വീട് കോളനി ഭാഗം, (9) മാലിപ്പള്ളം – കല്ലുമഠത്തിൽ പള്ളം ഭാഗം എന്നിവ ദ്വിതീയ മേഖലകളിലും ബാക്കിയുള്ള എല്ലാ ഭാഗങ്ങളും പ്രാഥമിക മേഖലയിലും ഉൾപ്പെടുത്തി നഗരസഭാ പ്രദേശങ്ങളെ തിരിച്ചിട്ടുണ്ട്. റോഡിന്റെ തരം സംബന്ധിച്ച് കൗൺസിൽ അംഗീകരിച്ച ലിസ്റ്റ് ആഫീസ് നോട്ടീസ് ബോർഡിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്.

| ക്രമ നമ്പർ | കെട്ടിടങ്ങളുടെ തരം | 1 ച.മീ. തറ വിസ്തീർണ്ണത്തിന് ബാധകമായഅടിസ്ഥാന വസ്തു നികുതി നിരക്ക് |
|---|---|---|
| 1. | പാർപ്പിട ആവശ്യത്തിനുള്ളവ. | 13 രൂപ/ച.മീ. |
| 2 | വാണിജ്യാവശ്യത്തിനുള്ളവ | |
| (ശ) | 100 ച.മീറ്റർ വരെ തറവിസ്തീർണ്ണമുള്ള ഹോട്ടൽ, റസ്റ്റോറന്റുകൾ, ഷോപ്പുകൾ, ഗോഡൗൺ | 65 രൂപ/ ച.മീ. |
| (ശശ) | 100 ച.മീ. മുകളിൽ തറവിസ്തീർണ്ണമുള്ള ഹോട്ടൽ, റസ്റ്റോറന്റുകൾ, ഷോപ്പുകൾ, ഗോഡൗൺ | 85 രൂപ/ ച.മീ. |
| (ശശശ) | 200 ച.മീ. വരെ തറവിസ്തീർണ്ണമുള്ള സൂപ്പർമാർക്കറ്റുകൾ, ഷോപ്പിംഗ് മാളുകൾ | 65 രൂപ/ ച.മീ. |
| (ശ്) | 200 ച.മീ. മുകളിൽ തറവിസ്തീർണ്ണമുള്ള സൂപ്പർമാർക്കറ്റുകൾ, ഷോപ്പിംഗ് മാളുകൾ | 125 രൂപ/ച.മീ. |
| () | ബങ്കുകൾ, പെട്ടിക്കടകൾ, കമ്പ്യൂട്ടർ സെന്ററുകൾ, ഫ്യൂവൽ സ്റ്റേഷനുകൾ | 65 രൂപ/ച.മീ. |
| 3 | ആഫീസ് ഉപയോഗത്തിനുള്ളവ | 65 രൂപ/ച.മീ. |

| | | |
|---|---|---|
| 4 | വിദ്യാഭ്യാസ ആവശ്യത്തിനുള്ളവ | 13 രൂപ/ച.മീ. |
| 5 | ആശുപത്രികൾ | 15 രൂപ/ച.മീ. |
| 6 | അസംബ്ലി കെട്ടിടം, കൺവെൻഷൻ സെന്റർ, ആഡിറ്റോറിയം, സിനിമാ തീയറ്റർ, കല്യാണ മണ്ഡപം, ലോഡ്ജ് | 45 രൂപ/ ച.മീ. |
| 7 | വ്യവസായ ആവശ്യത്തിനുള്ളവ | |
| (ശ) | കൈത്തറി ഷെഡ്, കയർപിരിഷെഡ്, കശുവണ്ടി ഫാക്ടറി ഷെഡ്, മത്സ്യ സംസ്കരണ ഷെഡ്, കോഴി വളർത്തൽ ഷെഡ്, ലൈവ് സ്റ്റോക്ക് ഷെഡ്, കരകൗശല നിർമ്മാണ ഷെഡ്, പട്ടുനൂൽ ഷെഡ്, സ്റ്റോറേജ് ഷെഡ്, പീലിംഗ് ഷെഡ്, കൈത്തൊഴിൽ ഷെഡ്, ഇഷ്ടിക ചൂള, തടിമിൽ | 25 രൂപ/ ച.മീ. |
| (ശശ) | ഇതരവ്യവസായാവശ്യത്തിനുള്ളവ | 60 രൂപ/ച.മീ. |
| 8 | റിസോർട്ടുകൾ | 80 രൂപ/ച.മീ. |
| 9 | അമ്യൂസ്മെന്റ് പാർക്ക് | 50 രൂപ/ച.മീ. |
| 10 | മൊബൈൽ ടെലിഫോൺ ടവർ | 500 രൂപ/ച.മീ. |

<u>സേവന ഉപനികുതി നിരക്കുകൾ</u>

1. ശുചിത്വ പരിപാലനം – 4%
2. ജലവിതരണം – 3%
3. തെരുവ് വിളക്കുകൾ – 2%
4. ഡ്രെയിനേജ് – 1 %

മേൽ നിരക്കുകൾ സംബന്ധിച്ച് എന്തെങ്കിലും ആക്ഷേപം ഉണ്ടെങ്കിൽ പരസ്യ തീയതി മുതൽ ഒരു മാസത്തിനകം നഗരസഭാ ഓഫീസിൽ സ്വീകരിക്കുന്നതാണ്. ഓഫീസിന്റെ ഔദ്യോഗിക വെബ്സൈറ്റായ www.chengannurmunicipality.in നിന്നും വിവരങ്ങൾ ലഭ്യമാവുന്നതാണ്. കൂടാതെ ആക്ഷേപങ്ങൾ നഗരസഭാ സെക്രട്ടറിയുടെ seccgnrmlty@yahoo.co.in എന്ന വിലാസത്തിൽ ഇ–മെയിൽ ചെയ്യാവുന്നതാണ്.

മുനിസിപ്പൽ സെക്രട്ടറി,
ചെങ്ങന്നൂർ നഗരസഭ.

പകർപ്പ്:

1. ആഫീസ് നോട്ടീസ് ബോർഡ്
2. താലൂക്ക് ആഫീസ്
3. വില്ലേജ് ആഫീസ്
4. ആർ.ഡി.ഒ. ഓഫീസ്